**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6200** **09-11-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരത്തെ രാഷ്ട്ര കവി ഗോവിന്ദ പൈ സ്മാരകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരത്തെ രാഷ്ട്രകവി ഗോവിന്ദ പൈ സ്മാരകത്തിന് നാളിതുവരെ അനുവദിച്ച ഫണ്ടിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | കേരള സംസ്ഥാന സർക്കാരിന്റേയും, കർണ്ണാടക സംസ്ഥാന സർക്കാരിന്റേയും, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഫണ്ട് വിനിയോഗിച്ചാണ് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് പ്രവർത്തിക്കുന്ന ഗോവിന്ദ പൈ സ്മാരകം നിർമ്മാണം നടത്തി വരുന്നത്. പ്രസ്തുത സ്മാരകത്തിന് കേരള സർക്കാർ 01.06.1999ലെ സ. ഉ. (എം.എസ്) നമ്പർ 23/1999/സാം.കാ.വ ഉത്തരവു പ്രകാരം 37,500/- രൂപ വാർഷിക/ആവർത്തന ധനസഹായം അനുവദിച്ചു വരുന്നുണ്ട്. രാഷ്ട്രകവി ഗോവിന്ദ പൈ മെമ്മോറിയൽ ട്രസ്റ്റിന്റെ നേതൃത്വത്തിൽ രാഷ്ട്രകവി ഗോവിന്ദ പൈയുടെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ ജന്മഗൃഹം 'ഗിളിവിണ്ടു' എന്ന നാമധേയത്തിൽ നവീകരിക്കുന്ന പദ്ധതി പ്രകാരം നളന്ദ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് 03.03.2009-ലെ സ. ഉ. (സാ. ധാ) നമ്പർ. 91/2009/സാം.കാ.വ പ്രകാരം 20,00,000/- രൂപ (ഇരുപത് ലക്ഷം രൂപ) അനുവദിച്ചു. ആയതിന് പുറമേ രാഷ്ട്രകവി ഗോവിന്ദ പൈ സ്മാരകത്തിൽ രാഷ്ട്രകവി ഗോവിന്ദ പൈ സ്മാരക ഓഡിറ്റോറിയം സ്ഥാപിക്കുവാനുള്ള പദ്ധതിക്കായി 21.10.2014-ലെ സ. ഉ. (സാ. ധാ) നമ്പർ. 36/2014/സാം.കാ.വ പ്രകാരം 30,00,000/- രൂപ (മുപ്പത്ത് ലക്ഷം രൂപ മാത്രം) അനുവദിച്ചു. കൂടാതെ 26.02.2019-ലെ സ. ഉ. (സാ. ധാ) നമ്പർ. 83/2019/സാം.ക.വ പ്രകാരം പ്രസ്തുത സ്മാരകത്തിനായി ഭരണാനുമതി നൽകിയ 1,00,00,000/- രൂപ (ഒരു കോടി രൂപ മാത്രം) പ്രസ്തുത പ്രോജക്ടിന്റെ തുടർ-നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്മാരകത്തിലെ ഭവനിക ഹാളിന്റെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ഇതിനായി എത്ര രൂപയാണ് | (ബി) | സ്മാരകത്തിന്റെ ഭാഗമായ ഭവനിക ഓഡിറ്റോറിയത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത നിർമ്മാണ പദ്ധതിയ്ക്ക് മുൻപ് |

| | | | |
|---|---|---|---|
| | അനുവദിച്ചിട്ടുള്ളതെന്നും പണി പൂർത്തീകരിക്കാൻ അധിക തുക ആവശ്യമുണ്ടോയെന്നും വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അധിക തുക ആവശ്യമാണെങ്കിൽ അത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | | ഭരണാനുമതി നൽകിയ എസ്റ്റിമേറ്റ് തുക വർദ്ധിച്ചതും മറ്റ് ചെലവിനങ്ങളും കണക്കിലെടുത്ത് 30 ലക്ഷം രൂപ കൂടി അനുവദിക്കണം എന്ന പ്രൊപ്പോസൽ സർക്കാർ പരിഗണിച്ച് വരുന്നു. സംസ്ഥാന സർക്കാർ അനുവദിച്ച ഒരു കോടി രൂപ ഭവനിക ഓഡിറ്റോറിയത്തിന്റെ നിർമ്മാണത്തിനായാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് കാസർഗോഡ് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനത്തിൽ എത്ര ജീവനക്കാരാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ; ഇവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഈ ജീവനക്കാരുടെ വേതന വിവരങ്ങൾ വ്യക്തമാക്കുമോ; പ്രസ്തുത ജീവനക്കാരുടെ ശമ്പളം മുടങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇവർക്ക് അവസാനമായി ശമ്പളം കിട്ടിയത് ഏത് മാസത്തിലാണെന്ന് വ്യക്തമാക്കുമോ; | (സി) | ടി സ്ഥാപനത്തിൽ സ്മാരക സമിതി നിയോഗിച്ച 3 താൽക്കാലിക ജീവനക്കാരാണുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. 2020 ഡിസംബർ മാസത്തിലാണ് മേൽപറഞ്ഞ ജീവനക്കാർക്ക് അവസാനമായി ശമ്പളം നൽകിയിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. |
| (ഡി) | ഈ സ്മാരകത്തിന് ദൈനംദിന ചെലവിനായി സർക്കാർ എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഈ സ്മാരകത്തിന് പുതുതായി ഏതെങ്കിലും ഗ്രാന്റോ പദ്ധതിയോ പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ? | (ഡി) | ഗോവിന്ദ പൈ സ്മാരകത്തിന് 37,500/- രൂപ വാർഷിക/ആവർത്തന ധനസഹായം സംസ്ഥാന സർക്കാർ അനുവദിച്ചു വരുന്നുണ്ട്. പ്രസ്തുത സ്മാരകം ഉൾപ്പെടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ കലാ-സാംസ്കാരിക സംഘടനകൾക്ക്/ സമിതികൾക്കുള്ള വാർഷിക/ ആവർത്തന ഗ്രാന്റ് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിഗണിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| **ക്രമ നമ്പർ** | **തസ്തിക** | **ശമ്പളം** |
|---|---|---|
| 1 | നൈറ്റ് വാച്ച്മാൻ | 17725/- |
| 2 | സെക്യൂറിറ്റി കം ഹെൽപ്പർ | 6000/- |
| 3 | സ്വീപ്പർ | 5000/- |